# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 830** **28.04.2017-ൽ മറുപടിക്ക്**

**എരുവ -ഏവൂർ മുട്ടം റോഡ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു.പ്രതിഭ ഹരി** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) കായംകുളം മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച എരുവ - ഏവൂർ മുട്ടം റോഡിന്റെ വശങ്ങളിലൂടെ കേരള ഇലക്ട്രിസിറ്റി ബോർഡ് ഭൂഗർഭ കേബിളുകൾ വലിച്ചപ്പോൾ റോഡിനു ഉണ്ടായിട്ടുള്ള തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കേരള ഇലക്ട്രിസിറ്റി ബോർഡ് എത്ര രൂപ പി.ഡബ്ല്യു.ഡി യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്നും ടി റോഡ് പുനരുദ്ധരിക്കുന്നതിന് പി.ഡബ്ല്യു.ഡി ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ? | (എ) കായംകുളം-തിരുവല്ല റോഡ്, കാരിയത്ത് പാലത്തിന്റെ അപ്രോച്ച് റോഡ്, കായംകുളം - മുട്ടം എന്നീ റോഡുകളുടെ വശങ്ങളിലൂടെ ഭൂഗർഭ കേബിളുകൾ ഇടുന്നതിന് വേണ്ടി കെ.എസ്.ഇ.ബി. 10 ലക്ഷം രൂപാ പൊതുമരാമത്ത് വകുപ്പിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി റോഡുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകി ടെണ്ടർ ചെയ്തെങ്കിലും, ആദ്യത്തെ ടെണ്ടർ പ്രവൃത്തി ആരും ഏറ്റെടുത്തില്ല. തുടർന്നുള്ള റീ ടെണ്ടറിൽ ഭരണിക്കാവ് ലേബർ സർവ്വീസ് സൊസൈറ്റി കരാർ ഏറ്റെടുത്തിട്ടുള്ളതാണ്. ടി പ്രവൃത്തി നടപ്പിലാക്കുന്നതിനായി 24.03.2017-ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. |

S. Brinda

സെക്ഷൻ ഓഫീസർ